ADFACTORS PR
Knowledge-driven communications


| | | | |
|---|---|---|---|
| Published Date: | 16 Oct 2018 | Publication: | Deepika (Malayalam) |
| Edition: | Kochi | Page No: | 8 |
| MAV/CCM: | 15960/13.3 | Circulation: | 74880 |


# ടിസിഎസ് ഐടി വിസ് ക്വിസ് 31ന്

**കൊച്ചി:** സ്കൂൾ വിദ്യാർഥികൾക്കായി ടാറ്റ കൺസൾട്ടൻസി സർവീസസ് സംഘടിപ്പിക്കുന്ന ക്വിസ് മത്സരം ടിസിഎസ് ഐടി വിസ് 2018ന്റെ കൊച്ചി എഡീഷൻ മത്സരങ്ങൾ 31ന് കലൂർ ഗോകുലം പാർക്ക് കൺവൻഷൻ സെന്ററിൽ നടക്കും. എട്ട് മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് മത്സരത്തിൽ പങ്കെടുക്കാം. േ ഓരോ സ്കൂളിൽനിന്നു രണ്ടു പേർ വീതമടങ്ങുന്ന എട്ട് ടീമുകളാണ് മത്സരത്തിലുണ്ടാവുക. പങ്കെടുക്കാൻ താൽപര്യമുള്ള സ്കൂളുകൾ 29ന് മുമ്പായി ടിസിഎസ് ഐടി വിസ് കോർഡിനേറ്റർ, ടാറ്റ കൺസൾട്ടൻസി സർവീസസ്, ടിസിഎസ് സെന്റർ, സെസ് യൂണിറ്റ്, ഇൻഫോപാർക്ക് പിഒ കൊച്ചി - 682 041 എന്ന വിലാസത്തിൽ എൻട്രികൾ അയയ്ക്കേണ്ടതാണ്. ഇതിന് പുറമേ www.tcsitwiz.com എന്ന വെബ്സൈറ്റിൽ ഓൺലൈനായും രജിസ്റ്റർ ചെയ്യാം. പ്രവേശനം സൗജന്യമായിരിക്കും.

കൊച്ചി എഡീഷൻ ഫൈനൽ മത്സരത്തിൽ വിജയിക്കുന്നവർക്ക് നവംബർ 25ന് മുംബൈയിൽ നടക്കുന്ന ദേശീയ ഫൈനൽ മത്സരത്തിൽ പങ്കെടുക്കാം. വിജയികളാകുന്ന ടീമിന് 60,000 രൂപയുടെ സമ്മാന വൗച്ചറുകളും റണ്ണേഴ്സ് അപ്പിന് 40,000 രൂപയുടെ വൗച്ചറുകളും ട്രോഫിയുമാണ് സമ്മാനം.